(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ധനകാര്യ വകുപ്പിന്റെ നവീകരണം

1 [3285] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സെക്രട്ടേറിയറ്റിലെ ധനകാര്യവകുപ്പിന്റെ നവീകരണത്തിനായി എത്ര രൂപ അനുവദിച്ചു;

(ബി) പ്രസ്തുത തുകയിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചു;

(സി) ആകെ ലഭിച്ച തുകയിൽ കമ്പ്യൂട്ടർവൽക്കരണത്തിന് എത്ര രൂപ ചെലവഴിക്കും?

ഉത്തരം

(എ) 2001-02 .. 40,00,000 രൂപ
2002-03 .. 2,72,000 ,,
2003-04 .. 1,00,000 ,,

ഇതിൽ 1,73,000 രൂപ 2002-2003 വർഷത്തിലെ (ഫെബ്രുവരി 2003) ഉപധനാഭ്യർത്ഥന പ്രകാരം ലഭ്യമായിട്ടുള്ളതാണ്.

(ബി) 2001-02 .. 7,14,037 രൂപ
(2002-ജൂൺ മുതലുള്ള കണക്ക്)
2002-03 .. 2,72,063 ,,
2003-04 .. 97,340 ,,
(9-7-2003 വരെയുള്ള കണക്ക്)

(സി) നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ അനുവദിച്ച തുക ഏകദേശം മുഴുവനും ഇതിനകം ചെലവഴിച്ചു.

സംസ്ഥാനത്തിന്റെ നിലവിലുള്ള വായ്പകളും ബാദ്ധ്യതകളും

2 [3286] ശ്രീ. വി. ഡി. സതീശൻ:
,, എൻ. ശക്തൻ:
,, സി. പി. മുഹമ്മദ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബലപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടി എന്തെല്ലാംവിധത്തിലുള്ള ഷോർട്ട് ടേം, മീഡിയം ടേം പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ വായ്പകളും ബാദ്ധ്യതകളും കൂടി എത്രയായിരുന്നു;

(സി) ഇത് സംസ്ഥാനത്തിന്റെ ജി. ഡി. പി.യുടെ എത്ര ശതമാനമായിരുന്നു;

(ഡി) ഇപ്പോൾ സംസ്ഥാനത്തിന്റെ വായ്പകളും ബാദ്ധ്യതകളും എത്രയാണ്; ഇത് സംസ്ഥാനത്തിന്റെ ജി. ഡി. പി.യുടെ എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബലപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഷോർട്ട് ടേം പരിപാടികളൊന്നും നടപ്പാക്കുന്നില്ല. എന്നാൽ ഇടക്കാല സാമ്പത്തിക പരിഷ്കരണ പരിപാടി എന്ന പേരിലുള്ള മീഡിയം ടേം പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. പ്രസ്തുത പരിപാടി താഴെ പറയും പ്രകാരമാണ്:

- റവന്യൂ സമാഹരണ വകുപ്പുകളുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുകയും അവയെ കാര്യക്ഷമമാക്കുകയും, നികുതി സമാഹരണ കഴിവിനെ ബാധിക്കാത്ത രീതിയിൽ നികുതിദായക സൗഹൃദ വിഭാഗമാക്കി മാറ്റുകയും അതിലൂടെ നികുതി നിയമങ്ങളെ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യുക.
- ഗവൺമെന്റ് തലത്തിലും ഡിപ്പാർട്ട്മെന്റ് തലത്തിലുമുള്ള യൂസർ ചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ട് നികുതിയേതര വരുമാനം വർദ്ധിപ്പിക്കുക.
- കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുടരുകയും അല്ലാത്തവ ഉചിത മേഖലകളിലേയ്ക്ക് പുനർവിന്യാസം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുക.
- പുതിയതായി എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് നിർത്തിവെക്കുക.
- 2004-05-ൽ ഡെബ്റ്റ് സർവ്വീസ് GSDPയുടെ 25% ആയി നിജപ്പെടുത്തുക
- സംസ്ഥാന സർക്കാരിന്റെ റവന്യൂ കമ്മിയും ധനക്കമ്മിയും കുറയ്ക്കുക.
- സംസ്ഥാന ബഡ്ജറ്റിൽ നിന്നുള്ള സബ്സിഡികൾ ഓരോ വർഷവും 80 കോടി രൂപ അധികരിക്കാതെ നിജപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly-

- Tax GSDP അനുപാതവും Non-Tax GSDP അനുപാതവും മെച്ചപ്പെടുത്തുക.
- സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിൽ അധിക ബാദ്ധ്യത ഉണ്ടാകാതിരിക്കുവാനുമുള്ള നടപടികളെടുക്കുക.

(ബി) 31-3-2001-ലെ വായ്പകളും ബാദ്ധ്യതകളും കൂടി 25721.47 കോടി രൂപയായിരുന്നു.

(സി) 37.25%

(ഡി) 31-3-2003 വരെയുള്ള എ. ജി.-യുടെ താൽക്കാലിക കണക്കുകൾ പ്രകാരം വായ്പകളും ബാദ്ധ്യതകളും കൂടി 33805.72 കോടി രൂപ. ടി കാലയളവിലെ ജി. ഡി. പി. തിട്ടപ്പെടുത്തിയിട്ടില്ല.

സംസ്ഥാനം എടുത്തിട്ടുള്ള വായ്പകൾക്ക് നൽകേണ്ട പലിശ

3 [3287] ശ്രീ. സി. പി. മുഹമ്മദ്:
" എൻ. ശക്തൻ:
" വി. ഡി. സതീശൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം എടുത്തിട്ടുള്ള വായ്പകൾക്ക് 2002-2003-ൽ എന്ത് തുക പലിശ നൽകേണ്ടതായി വരും;

(ബി) ഇത് സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ എത്ര ശതമാനമാണ്;

(സി) ഇത് സ്റ്റേറ്റ് ജി. ഡി. പി.യുടെ എത്ര ശതമാനം വരും?

ഉത്തരം

(എ) 1869,56,65,478 രൂപ.

(ബി) സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 17.59% ആകുന്നു.

(സി) 2.24%.

LIBRARY ARCHIVES Kerala Legislative Assembly